പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4255 — 28/06/2012 ൽ മറുപടിയ്ക്ക്

## കൊയിലാണ്ടി മണ്ഡലത്തിലെ സ്കൂളുകളിലെ ലബോറട്ടറി സൗകര്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.ദാസൻ | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള ലബോറട്ടറി സൗകര്യങ്ങൾ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (എ) | പൊതുവേ പര്യാപ്തമാണ്. അപര്യാപ്തമെന്ന് ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| ബി) | കൊയിലാണ്ടി മണ്ഡലത്തിലെ സർക്കാർ ഹൈസ്കൂളുകളിൽ ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്തും മറ്റ് എൽ.എസ്.ജി.ഡി. സ്ഥാപനങ്ങളുടേയും 2011-2012 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം എന്ന് വിശദമാക്കുമോ; | ബി) | കൊയിലാണ്ടി മണ്ഡലത്തിലെ സർക്കാർ ഹൈസ്കൂളുകളിൽ ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2011-2012 വർഷത്തിൽ കൊയിലാണ്ടി മുനിസിപ്പാലിറ്റി മുഖേന 5,66,000/- രൂപ അനുവദിക്കുകയും ആയത് ഉപയോഗിച്ചു നവീകരണ പ്രവർത്തികൾ നടത്തുകയും ചെയ്തിട്ടുണ്ട്. |
| സി) | 2012-2013 വർഷത്തിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഹൈസ്കൂളിലെ ലാബ് ലബോറട്ടറി സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ലാബ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ/പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | സി) | 2012-13 വർഷം സ്കൂളുകൾക്ക് ലബോറട്ടറി സൗകര്യങ്ങൾ ആവശ്യമായി വരുന്ന പക്ഷം നഗരസഭയുടെ പ്രസ്തുത വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി നൽകുന്നതാണ്. |

Sajikumar.N

സെക്ഷൻ ഓഫീസർ